ആമുഖം

കേരളത്തിന്റെ സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയവും സാംസ്കാരിക ഉള്ളടക്കങ്ങളെ നിരന്തരം പുനർനിർമ്മിക്കുന്നതിൽ മലബാറിലേക്കും, ഹൈറേഞ്ചിലേക്കുംനടന്ന തമിഴ്, മലയാളി കുടിയേറ്റങ്ങൾ വലിയപങ്ക് വഹിച്ചിട്ടുണ്ട്. തൊഴിലന്വേഷകരായി നഗരങ്ങളിലേക്കും ഗൾഫ് നാടുകളിലേക്കും മനുഷ്യർനടത്തിയ നിരന്തരസഞ്ചാരങ്ങൾ സാംസ്കാരികമായ കൊടുക്കൽ വാങ്ങലുകളിലൂടെയും കൂടിക്കലരലുകളിലൂടെയും വിപുലപ്പെടുന്ന വ്യത്യസ്തതകളുടെ സംഗമമായി വായിക്കാം. ഗൾഫ് കുടിയേറ്റവും പ്രവാസവും സാധ്യമാക്കിയ സാമൂഹിക സാമ്പത്തിക പരിവർത്തനം ജാതി/വർഗ അധികാരബന്ധങ്ങളെ ഇളക്കിമറിക്കുന്നുണ്ട്. മാറിമറിഞ്ഞ ഭൂബന്ധങ്ങളും സാമ്പത്തികനിലയും ജാതിക്കുപുറത്ത് പുതിയൊരുമധ്യവർഗത്തിന്റെ രൂപീകരണവും സാധ്യമാക്കി, പ്രവാസവും കുടിയേറ്റവും. ജാതീയമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്നവരും ന്യൂനപക്ഷമെന്ന നിർവചനത്തിൽപെടുന്നവരുമായ ഭൂരിപക്ഷത്തെയാണ് കുടിയേറ്റചരിത്രത്തിൽ കാണാനാവുക. ഭാഷയുടെയും ദേശത്തിന്റെയും ജാതിയുടെയും സ്വത്വങ്ങൾ ഉടയുകയും പുനർനിർമ്മിക്കപെടുകയുംചെയ്യുന്ന അനുഭവങ്ങൾ കിഴക്കൻമലയോര കുടിയേറ്റങ്ങളിൽ കാണാം. ചരിത്രാതീതകാലംമുതൽ സഹ്യപർവതനിരകളിലേക്കുനടന്ന കുടിയേറ്റത്തിന്റെ അത്രയൊന്നും ആവിഷ്കരിക്കപ്പെട്ടിട്ടില്ലാത്ത ചരിത്രവും കഥകളും ജീവിതസമരവും അന്വേഷണവിധേയമാക്കുകയാണ് ഈ പഠനം.

കേരളചരിത്രത്തിലെ ഏറെക്കുറെ ഇരുളടഞ്ഞ ഇടമാണ് ഹൈറേഞ്ചിന്റെ കുടിയേറ്റ ചരിത്രം. ചരിത്രാതീതത്തിൽ നിന്ന് വർത്തമാനത്തിലേക്ക് നീളുന്ന കുടിയേറ്റങ്ങളുടെ/ സഞ്ചാരങ്ങളുടെ ബ്രിഹദ് കാലമാണത് അടയാളപ്പെടുത്തുന്നത്. ഇടുക്കിയുടെ കിഴക്കൻ മലയോര മേഖലയാണ് ഹൈറേഞ്ച് എന്ന് അരിയപ്പെടുന്നത്. ജില്ലയിലെ ദേവികുളം, ഉടുമ്പൻചോല, പീരുമേട് താലൂക്കുകൾ പൂർണ്ണമായും തൊടുപുഴ താലുക്കിന്റെ മലമ്പ്രദേശങ്ങളും കുടിയേറ്റ ചരിത്രത്തിന്റെ ഭൂമിശാസ്ത്ര ഇടങ്ങളാണ്. ഏഴ് അധ്യായങ്ങളായാണ് ഈ പഠനം ക്രമീകരിച്ചിരിക്കുന്നത്.

കുടിയേറ്റം: ചരിത്രം ചരിത്രാതീതം

ഹൈറേഞ്ചിലെ മനുഷ്യാധിവാസചരിത്രത്തിന് ശിലായുഗത്തോളം പഴക്കമുണ്ട്. കേരളത്തിന് ലോക ശിലായുഗ ഭൂപടത്തിൽ സ്ഥാനം നേടിക്കൊടുക്കുന്നതിൽ ഈ പ്രദേശം വലിയ പങ്കുവഹിച്ചു. കേരളത്തിൽ ശിലായുഗ മനുഷ്യർ ഉണ്ടായിരുന്നില്ലെന്ന ധാരണയെ തിരുത്തിയാണ് മറയൂരിൽനിന്ന് മധ്യശിലായുഗ മനുഷ്യവാസ സൂചനകൾ കണ്ടെത്തിയത്. മധ്യശിലായുഗം കഴിഞ്ഞാൽപിന്നെ ഹൈറേഞ്ചിലെ മുഖ്യചരിത്രാവശിഷ്ടങ്ങൾ ഇരുമ്പിന്റെ ആവിർഭാവ ഘട്ടത്തിലേതാണ്. മുനിയറകൾ എന്നറിയപ്പെടുന്ന ശവക്കല്ലറകളാണ് അധികവും. സമതലകേരളം പരിഷ്കൃതമാകുന്നതിനുമുമ്പ് ആളും കോളും അധികാരവുമായി ഗോത്രത്തലവൻമാരുടെ ആധിപത്യം നിലനിന്നിരുന്ന പ്രദേശമാണ് ഹൈറേഞ്ച് മേഖല. താഴ്വാരങ്ങളിൽ പാടങ്ങളുണ്ടാവുകയും നെല്ലും കൃഷിഭൂമിയും മുഖ്യസമ്പത്തായി മാറുകയും ചെയ്തതോടെ പരിഷ്കൃതിയുടെ സ്ഥാനം സമതല കേരളമായി തീർന്നു. സാംസ്കാരിക പരിവർത്തനത്തിൽ ഒരവരോഹണക്രമമാണ് നാം കാണുന്നത്. എന്ന് ചരിത്രകാരനായ ഡോ. രാജൻ ഗുരുക്കൾ നിരീക്ഷിക്കുന്നു.

സമതലങ്ങളുടെ കാർഷിക സമൃദ്ധിയെ തുടർന്ന് ഊരുകളും കാർഷിക ഗ്രാമങ്ങളും ഊരുമൂപ്പൻമാരും ഉണ്ടാകുന്നു. ഊരുകൾ വിഭവങ്ങൾക്കായി പരസ്പരം യുദ്ധം ചെയ്തു. കൊള്ളയടിച്ചു. ഊരുകൾ വിട്ട് ഓടിപ്പോയവരും വിഭവങ്ങളന്വേഷിച്ച് പുറപ്പെട്ടവരും സഹ്യപർവതത്തിലേക്ക് പലകാലങ്ങളിലൂടെ സംഘംസംഘമായി വന്നുകൊണ്ടിരുന്നു. ആദിമ ഗോത്രജനത ഈ കുടിയേറ്റങ്ങളിലൂടെ ഉരുത്തിരിഞ്ഞ് വന്നതാണെന്നുപറയാം. ഏഴായിരം വർങ്ങളുടെ ബൃഹദ്ചരിത്രത്തിലൂടെ ഗോത്രാധിപത്യവും രാജവാഴ്ചയും ബ്രിട്ടീഷ്-കാർഷിക അധിനിവേശവും തമിഴ്തൊഴിലാളി കുടിയേറ്റവും മലയാളി കാർഷിക കുടിയേറ്റവും ജനനിബിഡമാക്കിയ വർത്തമാനകാലത്തിലേക്ക് നീളുന്നതാണ് ഹൈറേഞ്ചിന്റെ ഭൂത വർത്തമാനം. കുടിയേറ്റത്തിന്റെ പ്രാക്തന ചരിത്രത്തിൽനിന്ന് ഗോത്ര കാലത്തിലൂടെ ഹൈറേഞ്ചിന്റെ സമകാലികതയിലേക്കു നടത്തുന്ന അന്വേഷണമാണ് പ്രബന്ധത്തിലെ ഒന്നാമധ്യായം.

ചരിത്രത്തിലെ രാജാവും പ്രജകളും

രാജകേന്ദ്രീകൃതമായ പൊതുചരിത്രബോധത്തിന്റെ ഭാഗമായി ഹൈറേഞ്ചിന്റെ ഭൂതകാലം വായിച്ചെടുക്കാനുള്ള ശ്രമങ്ങൾ നടന്നിട്ടുണ്ട് കേരളത്തിലെ ഓരോ പ്രദേശവും അതിന്റെ ചരിത്രത്തെ ഏതെങ്കിലും രാജവംശവുമായി/നാടുവാഴിയുമായി കൂട്ടിയിണക്കിയാണ് മനസ്സിലാക്കുന്നത്. ഗോത്രജനതയെ അവഗണിച്ച് പ്രകൃതി വിഭവങ്ങളെ ചൂഷണം ചെയ്ത്, ഭൂമിയും സമ്പത്തും സ്വന്തമാക്കി അധികാരം ഉപയോഗിച്ച് ആദിമജനതയെ പ്രജകളാക്കി വരുതിയിലാക്കി വാണിരുന്ന രാജ/നാടുവാഴിത്വത്തിന്റെ സ്മൃതി രേഖകളിലേക്ക് ചരിത്രം പലപ്പോഴും ചുരുങ്ങുന്നു. നാടുവാഴികളോ രാജക്കാൻമാരോ രാജകുടുംബങ്ങളോ അങ്ങനെ ആ നാടിന്റെ പൈതൃക ബിംബമായി വിമർശനാതീതമായി അവരോധിക്കപ്പെടുന്നു. ചരിത്രാതീതകാലം മുതൽ ഭൂമിയിൽ കുടിപാർക്കുന്ന ഗോത്ര ജനതകൾ 'ചരിത്രം ആരംഭിക്കുമ്പോൾ' പിന്തള്ളപ്പെടുന്നു. ഹൈറേഞ്ചും ഇതിൽനിന്ന് ഭിന്നമല്ല. വേട്ടയാടിയും പെരുക്കിത്തിന്നും നാടോടികൃഷിയിലൂടെ സഞ്ചരിച്ചും നാട്ട് കൃഷിയുലൂടെ കുടിയുറപ്പിച്ചും പരമ്പരാഗത ചരിത്രത്തിന് സമാന്തരമായി ഒരു ഗോത്ര ജീവചരിത്രനിർമ്മിക്കാനാണ് ശ്രമിക്കുന്നത്. വ്യവസ്ഥാപിതമായ ചരിത്രത്തിന് സമാന്തരമായി ഗോത്ര ചരിത്ര(ങ്ങളെ)ത്തെ പ്രതിഷ്ഠിക്കുന്നത് മൂലം എഴുതപ്പെട്ട ചരിത്രത്തിലൊരിടത്തും ആദിമനിവാസികളുടെ ജീവിതവും സമരവും വേണ്ടവിധത്തിൽ പ്രകാശിപ്പിക്കപ്പെടുന്നില്ല. ഹൈറേഞ്ചിന്റെ സാമൂഹ്യ ഭരണക്രമങ്ങളെക്കുറിച്ചും അധികാര വാഴ്ചകളെക്കുറിച്ചുമുള്ള ചരിത്രമെഴുത്തും ഇതേവിധം ആദിവാസി ചരിത്രത്തെ സമാന്തരമായി പ്രതിഷ്ഠിക്കുകയാണ് ചെയ്യുന്നത്. മുതുവാൻ, മന്നാൻ, മലയരയർ, ഊരാളി, ഊരുകാർ തുടങ്ങിയ പ്രബലമായ ഗോത്രവർഗങ്ങളുടെ വാഴ്ചകളുടെ കാലമോ ഭരണസംവിധാനങ്ങളോ മുഖ്യധാര ചർച്ചചെയ്യുന്നില്ല. ചരിത്രത്തിലെ ഈ മേലായ്മ-കീഴായ്മ ബന്ധം ഉടച്ചു വായിച്ചുകൊണ്ടേ ഹൈറേഞ്ചിന്റെ ചരിത്രത്തെ മനസ്സിലാക്കാൻ സാധിക്കൂ. മധ്യശിലായുഗത്തിൽ ആരംഭിക്കുന്ന ജനതയുടെ ആവാസചരിത്രവും ഗോത്രയാത്രകളുടെ ബൃഹദ്സാംസ്കാരികാനുഭവങ്ങളും ചരിത്രത്തിൽ ഇടംനേടുന്നത് എഴുതപ്പെട്ടതോ പ്രചരിപ്പിക്കപ്പെട്ടതോ ആയ ചരിത്രങ്ങളെ വിചാരണ ചെയ്തുകൊണ്ടാണ്. നൂറ്റാണ്ടുകളുടെ അധിനിവേശം സമ്പത്തിന്റെയും വിഭവ ചൂഷണത്തിന്റെയും തദ്ദേശ ജനതയുടെ അടിമത്തത്തിന്റെയും അനുഭവങ്ങളെ ഉൻമീലനം ചെയ്തുകൊണ്ട് ദേശപരിപാലനത്തിന്റെ പൈതൃകവും ചരിത്രവുമായി ചമയുന്നു. അതിൽനിന്ന് ഭിന്നമായി ഗോത്രവാഴ്ചയുടെ കാലത്തെ തിരിച്ചുപിടിക്കുന്ന അന്വേഷണമാണിത്.

ഗോത്രകല: മന്നാക്കൂത്തും ചിലപ്പതികാരവും

ഗോത്രകലകൾ സംസ്കാരത്തിന്റെ ഈടുവയ്പ്പുകളാണ്. അധീശ-അധിനിവേശ മിത്തുകളെ തിരസ്കരിക്കുന്ന സമരമുഖങ്ങൾ ഗോത്രപുരാവൃത്തങ്ങൾക്കുണ്ട്. എഴുത്തധികാരം എങ്ങനെയാണ് മന്നാൻ ഗോത്രവർഗ കലയേയും സാമൂഹ്യ ജീവിതത്തെയും അന്തർധാനം ചെയ്തതെന്ന അന്വേഷണങ്ങൾ ഈ വഴിക്കാണ് നീങ്ങുന്നത്. ഏതൊരു വിജ്ഞാനശാഖയുടെയും പിറവി ചരിത്രപരമായ അനിവാര്യതയിൽ നിന്നാണ്. അധിനിവേശം നിർമ്മിച്ച ജീവിതബോധത്തെയും ലാവണ്യാനുഭവങ്ങളെയും നിരാകരിച്ചുകൊണ്ട് ലോകമെമ്പാടും പ്രാദേശിക ദേശീയതകൾ സജീവമായി. ഉഴുതുമറിക്കപ്പെട്ട, അധിനിവേശാനന്തര നിലം, ചരിത്രത്തെ തിരികെപിടിക്കുവാൻ പാരമ്പര്യത്തിന്റെ വഴികളിലൂടെ പിൻനടന്നു. ഭൂതകാലത്തെ മഹത്വവൽക്കരിക്കുകയും ഓരോ ജനതയും അവരുടെ ദേശീയത ഉയർത്തിപ്പിടിക്കുകയും ചെയ്തു. സ്വത്വനിർമ്മിതിക്കായി ഗോത്ര സ്മൃതികളനിലേക്കും പാരമ്പര്യ സംസ്കൃതികളിലേക്കുമുള്ള മടക്കം അനിവാര്യമാക്കി. വിസ്മൃത ചരിത്രത്തിൽ നിന്ന് ഖനിച്ചെടുത്ത പ്രാക്തനമായ സാംസ്കാരികാവശിഷ്ടങ്ങൾ അത്ഭുതാവഹമായ വെളിപാടുകളായി. പാരമ്പര്യം കൂടെ വരുന്നതുമാത്രമല്ലെന്നും കണ്ടെത്തേണ്ടതുമാണെന്നുമുള്ള കണിശമായ തിരിച്ചറിവാണ് ഫോക്ലോർ പഠനത്തിന് വഴിമരുന്നായത്. സാമ്രാജ്യത്വ കാലഘട്ടത്തിൽ ദൈവങ്ങളായി കടന്നുവന്ന വെള്ളക്കാർ കരിമണ്ണിനെ കാത്തുപോന്നവരുടെ കറുത്ത പുരാവൃത്ത ദേവതകളെ ദുർമന്ത്രവാദമെന്ന് മുദ്രകുത്തി കുഴിച്ചുമൂടിയെങ്കിലും കനമുള്ള ഓർമ്മയുടെ വേരുകളായത് മുളപൊട്ടുന്ന അനുഭവമാണ് നാടോടി

ചരിത്രം.

മന്നാക്കൂത്തിന്റെ പുനർവായന വാമൊഴി വരമൊഴി പാരമ്പര്യത്തിന്റെ താരതമ്യവായനകൂടിയാണ്. മന്നാൻ ഗോത്രത്തിന്റെ അനുഷ്ഠാന കലാരൂപമാണ് കൂത്ത്. ചിലപതികാര കഥയ്ക്ക് ആസ്പദമായ കണ്ണകി – കോവിലൻ കഥയുടെ മൂല/പൂർവരൂപം കൂത്തിൽ കാണാം. ചിലപതികാരം കൂത്തിനുവേണ്ടി നിർമ്മിച്ച കാവ്യമാണെന്ന് അഭിപ്രായമുണ്ട്. ഗോത്ര വാങ്മയങ്ങൾ കാലത്തെ അഭിമുഖീകരിക്കുന്നതും നേരിടുന്നതും വരുതിയിലാക്കുന്നതും അതിജീവിക്കുന്നതും കൂട്ടിച്ചേർക്കപ്പെടുന്ന സമകാലികതയിലൂടെയാണ്. അതിനാൽ ചരിത്രത്തിന്റെ ഒരനസ്യൂതി പാട്ടുകളിൽ കേൾക്കാം. അതാകട്ടെ എഴുത്തിൽ പകരുക സാധ്യമല്ല. കൂത്ത് അവതരിപ്പിക്കുന്ന അനുഷ്ഠാന സന്ദർഭവും ഗോത്ര ഗായകരുടെ കഴിവും കൂടിച്ചേർന്നാണ് ഇത്തരം പാട്ടുകൾ രൂപം കൊള്ളുന്നത്. അവരുടെ വർത്തമാന ജീവിത സാഹചര്യത്തെയും ജീവിത വീക്ഷണത്തെയും നീതിബോധത്തെയും അടയാളപ്പെടുത്തുന്നതായിരിക്കും പാട്ടുകൾ. വരമൊഴി കൃത്യമായ ലക്ഷ്യത്തോടെയുള്ള രേഖപ്പെടുത്തലാണ്. എഴുത്തുകാരന്റെ/ കാരിയുടെ ജീവിത വീക്ഷണം, ധാർമ്മിത ബോധം, നീതിബോധം മത, ജാതി, വർഗ്ഗ ബന്ധങ്ങൾ എന്നവയെല്ലാം എഴുത്തിനെ സ്വാധീനിക്കും. കേട്ടറിഞ്ഞ കഥയെ അതേപടി ആവിഷ്കരിക്കുകയല്ല എഴുത്ത്. കൂട്ടിച്ചേർത്തും ഒഴിവാക്കിയും പുനർ നിർമ്മിക്കുകയാണ്. ചിലപ്പതികാരം അത്തരമൊരു പുനരാഖ്യാനമാണ്. അതിന്റെ ധാർമ്മികവും സാമൂഹികവുമായ ലക്ഷ്യം കൃതിയിൽ തന്നെ അന്തർലീനമാണ്. ജൈനധർമ്മ പരിപാലനാർത്ഥം രചിക്കപ്പെട്ട കൃതിയാണ് ചിലപ്പതികാരം എന്ന വാദം അതുകൊണ്ടുതന്നെ പ്രസക്തമാണ്. ആര് എപ്പോൾ എഴുതി എന്നതിനേക്കാൾ എന്തിനുവേണ്ടി എഴുതി എന്നതാണ് വരമൊഴിയുടെ വായനയെ പ്രസക്തമാക്കുന്നത്. മാന്നാക്കൂത്തിൽ നിന്നും ചിലപ്പതികാരത്തിലേക്കുള്ള ദൂരം വാമൊഴിയിൽ നിന്ന് വരമൊഴിയിലേക്കുള്ള മാറ്റം മാത്രമല്ല. ഹൈന്ദവ, ജൈന സംസ്കൃത വൽക്കരണത്തിന്റെ സാംസ്കാരിക മുദ്രകൾക്കൂടി കലരുന്നതണെന്ന് വായന മുന്നോട്ടുവെക്കുന്നു.

വാമൊഴിയുടെ എതിർ ലോകം

ആശയങ്ങളുടെ നേർക്കുനേർ വിനിമയമാണ് വാമൊഴി. ഒരേ ആശയത്തെ അനവധി മൊഴിഭേദങ്ങളോടെ ആഖ്യാനം ചെയ്യാൻ വാമൊഴിക്ക് കഴിയും. പറഞ്ഞും കേട്ടും പാടിപകർന്നുമാണ് മൊഴികൾ അതിന്റെ പാരമ്പര്യത്തെ നിലനിർത്തുന്നത്. നിരവധി സ്വഗതാഖ്യാനങ്ങളിലൂടെയും വ്യാഖ്യാനങ്ങളിലൂടെയും മൊഴികൾ തലമുറകളിലേക്ക് പകരുന്നു. ഓരോ പാട്ടും പറച്ചിലും അതാത് കാലത്തിന്റെ ജീവിതാവസ്ഥയോട് ബന്ധപ്പെട്ടിരിക്കും. സമൂഹിക താല്പര്യങ്ങൾ, സാമൂഹിക ബന്ധങ്ങൾ, ചുറ്റുപാടുകൾ, ഇതര സമുദായങ്ങളുമായുള്ള ഇടപാടുകൾ ബന്ധുത്വം തുടങ്ങി ഒരോ കാലത്തെയും അത് പ്രതിഫലിപ്പിക്കും. വാങ്മയങ്ങൾ ചിന്തകളും വികാരങ്ങളും വ്യക്തമാക്കുക മാത്രമല്ല, വിവിധ തരത്തിലുള്ള അർത്ഥവും കൽപ്പനാചാതുരിയും സൂക്ഷിക്കുകയും വാങ്മയവിജ്ഞാനത്തെ വീണ്ടെടുക്കുക കൂടി ചെയ്യുന്നു. എഴുത്തിന്റെ സമാഹരണസമ്പ്രദായം വാങ്മയ സംസ്കാരത്തിന് അപരിചിതമാണ്. അറിവ് സ്ഥിരമായും വാചികമായും പുനഃപരിവൃത്തി ചെയ്യുന്നു. ഓർമ്മയിൽ സൂക്ഷിച്ചും ആവിഷ്കാരത്തിലൂടെ വിനിമയം ചെയ്തും ഒരു വർത്തമാനാനുഭവത്തെ ഭാവിയിലേക്ക് പ്രക്ഷേപണം ചെയ്യുകയാണ് വാമൊഴികൾ. ഗോത്രവർഗ്ഗ സമൂഹ്യ ജീവിതം തുറന്നുകിട്ടുന്നത് വാമൊഴികളിലൂടെയാണ്. ഹൈറേഞ്ചിലെ ഗോത്രവർഗ്ഗങ്ങൾക്കിടയിൽ അതിസമ്പന്നമായ വാങ്മയ ശേഖരമാണുള്ളത്. പുരാവൃത്തത്തിന്റെ നിരവധി അടരുകളുള്ള വാങ്മയങ്ങളിൽ ഗോത്രജീവിതവും ഉൽപത്തി പുരാവൃത്തവുമുണ്ട്. ആശപ്പാട്ടുകൾ, കുമ്മിയടിപ്പാട്ടുകൾ, കൂത്തുപാട്ടുകൾ, മന്നാക്കൂത്ത്, മലമ്പാട്ടുകൾ എന്നിങ്ങനെ പാട്ടുകളാൽ സമൃദ്ധമാണ് ഗിരിവർഗ്ഗ വാമൊഴികൾ. അപഹരിക്കപ്പെടുന്ന വാമൊവിചരിത്രത്തെ പുനരാനയിക്കുകയാണ് ഈ പഠനം. വാമൊഴിയുടെ പ്രതിരോധസമരം കൂടി രേഖപ്പെടുത്തിക്കൊണ്ടാണ് ഈ അന്വേഷണം മുന്നോട്ടുപോവുകുന്നത്. വാമൊഴിയുടെ ബ്രിഹദ്ചരിത്രത്തെ വരമൊഴിയുടെ ഹ്രസ്വകാലം എങ്ങനെ അപഹരിക്കുന്നു എന്നാണ് ഇവിടെ അന്വേഷിക്കുന്നത്. ഭാഷ, സാക്ഷരത, നിരക്ഷരത എന്നിവയിൽ അന്തർലീനമായിരിക്കുന്ന

സാംസ്കാരിക അധികാരത്തിന്റെ ദിശകൾ തിരിച്ചറിയാനുള്ള ശ്രമമാണിത്.
എഴുത്തിന്റെ/ വായനയുടെ ലോകത്ത് പ്രവേശിക്കുന്നതിലൂടെയാണ് വ്യക്തി പൂർണ്ണമായ അർത്ഥത്തിൽ പ്രജയായി പരിണമിക്കുന്നത്. എഴുത്ത് ഒരേ സമയം സാമൂഹ്യ നവോത്ഥാനത്തിന്റെയും ഭരണ നിർവഹണത്തിന്റെയും ഉപകരണമായി പ്രവർത്തിക്കുന്നു. സ്വാതന്ത്ര്യാനന്തരമുള്ള സംസ്ഥാനങ്ങളുടെ രൂപീകരണം തന്നെ ഭാഷ എന്ന ഏകകത്തെയാണ് അടിസ്ഥാനമാക്കുന്നത്. ഭാഷയുടെ വൈവിധ്യം ഭരണ നിർവഹണത്തിന് തടസമാണ് എന്നത് അധിനിവേശ ചിന്തയുടെ ഫലമായിരുന്നു ഈ ഭാഷാ വിഭജനം. ജനതയെ കൂടുതൽ ശക്തമായി ഭരണകൂടത്തിലേക്ക് ഉൾച്ചേർക്കുന്നതിന് ഇതുമൂലം സാധിച്ചു. എന്നാൽ ഭാഷാ ന്യൂനപക്ഷങ്ങളും ആദിവാസികളും ഈ ഭാഷാ ദേശീയതയ്ക്ക് പുറത്തായിരുന്നു. കേരളത്തെ മലയാളിയുടെ മാതൃഭൂമിയായി സങ്കൽപ്പിക്കുമ്പോൾ വൈവിധ്യമാർന്ന ഭാഷണ സംസ്കാരങ്ങൾ തിരസ്കരിക്കപ്പെടുകയായിരുന്നു.

മുതുവാൻ: അധിനിവേശവും പ്രതിരോധവും

ഹൈറേഞ്ചിലെ ആദിമ ഗോത്രങ്ങളിൽ ഒന്നാണ് മുതുവാൻ സമുദായം. ഭരണകൂടസങ്കൽപ്പം രൂപപ്പെടുന്നതിനും നൂറ്റാണ്ടുകൾക്ക് അപ്പുറത്തുനിന്നാണ് അവരുടെ ചരിത്രം ആരംഭിക്കുന്നത്. ഹൈറേഞ്ചിലെ വിപുലമായ വനഭൂമിയായിരുന്നു അവരുടെ ആവാസസ്ഥലം. പിൽക്കാലത്ത് വിവിധ രാജവാഴ്ചയുടെ ചരിത്രങ്ങൾ ഈ വനപ്രദേശത്തെ അവരുടെ സാമ്രാജ്യത്തിനുള്ളിൽ സങ്കൽപിക്കുന്നുണ്ട്. മുതുവാൻ ഉൾപ്പെടെയുള്ള ഗിരിവർഗ മനുഷ്യരെ പ്രജകളായും. വനഭൂമിയിലേക്ക് അധികാരവും അതിർത്തിയും വിപുലപ്പെടുത്തുന്ന സ്റ്റേറ്റിന്റെ വ്യാപനം തദ്ദേശജനതയുടെ സംസ്കാരവുമായി നിരന്തരം സംഘർഷപ്പെടുന്നു. തുറന്ന യുദ്ധം/കലാപം എന്ന അർത്ഥത്തിലല്ല, ഇത് സംഭവിക്കുന്നത്. വനസ്ഥലത്തിന്റെ അന്യാധീനപ്പെടൽ, നിർമാർജനം, അന്യവൽക്കരണം, കോളനീകരണം, എന്നിങ്ങനെ 'സംഘർഷങ്ങൾ' പലരൂപത്തിലായിരുന്നു. കാർഷിക അധിനിവേശം, കാർഷിക മുതലാളിത്തം, വ്യവസായവൽക്കരണം, ആഗോളീകരണം എന്നിങ്ങനെ നീളുന്ന ചരിത്രഗതിയിൽ ഉൾവലിഞ്ഞും അരികുകളിലേക്ക് അമർന്നും കീഴടങ്ങിയും ഈ സംഘർഷങ്ങൾ വർത്തമാനകാലത്തിന്റേതുകൂടിയാകുന്നു. ബ്രിട്ടീഷ് കാർഷിക അധിനിവേശം ഭൂമിയെ മെരുക്കിയും പ്രകൃതിയെ വരുതിയിലാക്കിയുമാണ് അതിർത്തികൾ വിപുലപ്പെടുത്തിയത്. തദ്ദേശ ജനതയുടെ നിരന്തരമുള്ള പലായനങ്ങൾ അധിനവേശ ചരിത്രത്തിലുടനീളം കാണാം. ഹൈറേഞ്ചിലെ ഗിരിവർഗങ്ങൾ പൊതുവെയും മുതുവാൻമാർ പ്രത്യേകിച്ചും വനസ്ഥലങ്ങളിൽനിന്ന് പുറത്താക്കപ്പെടുന്നത് കാർഷിക അധിനിവേശ ഭരണനിർവഹണത്തിന്റെ ഇരകളായാണ്. വ്യവസ്ഥാപിത ചരിത്രമെഴുത്ത് ജനതയുടെ സ്മരണകളെ പുറത്തുനിർത്തുകയോ സൗകര്യപൂർവം മറച്ചുവെക്കുകയോ ചെയ്യുന്നു. അതുകൊണ്ടുതന്നെ ചരിത്രമെന്നത് പലപ്പോഴും ഭൂതകാലത്തെക്കുറിച്ചുള്ള ഒറ്റ വ്യാഖ്യാനം അടിച്ചേൽപിക്കുന്ന ഹിംസാത്മക പ്രക്രിയയായി തീരുന്നു. ഈ ഘട്ടത്തിലാണ് മായ്ച്ചുകളയപ്പെട്ട/പ്രാന്തവൽക്കരിക്കപ്പെട്ട ബദൽ ചരിത്രങ്ങളെക്കുറിച്ച് അന്വേഷിക്കേണ്ടത് അനിവാര്യമായിത്തീരുന്നത്. ഭൂതകാലത്തെക്കുറിച്ച് നിർമ്മിക്കപ്പെട്ടിരിക്കുന്ന ധാരണകളെ പുനരാനയിക്കുകയും പുനർവായിക്കുകയും ചെയ്യുമ്പോൾ ചരിത്രം ഒരു വർത്തമാനയാഥാർത്ഥ്യമായി അനുഭവപ്പെടും. വാമൊഴിയിലൂടെയും അധിനിവേശ-അന്തര കാല ലിഖിതങ്ങളിലൂടെയും മുതുവാൻമാരുടെ ജീവിതത്തെ പുനർവായിക്കുന്നതിലൂടെ ഹൈറേഞ്ചിലെ ഗോത്രവർഗ ജീവിതസമര ചരിത്രമാണ് ആനയിക്കപ്പെടുന്നത്.

അധിനിവേശ ഛായാപടങ്ങൾ

അധിനിവേശ ചരിത്ര നിർമ്മിതിയിൽ ചിത്രങ്ങൾക്ക് (photographs) വലിയ പ്രാധാന്യമുണ്ട്. പത്തൊൻപതാം നൂറ്റാണ്ടിന്റെ അന്ത്യത്തിലും ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിലും ലോകത്തിലെയും ഇന്ത്യയിലെയും നരവംശശാസ്ത്ര പഠനങ്ങളിൽ ഫോട്ടോഗ്രഫി വളരെ വ്യാപകമായി ഉപയോഗിച്ചിരുന്നു. ഇത് പിന്നീട് ദൃശ്യനരവംശശാസ്ത്രം (visual Anthropology) എന്ന നരവംശ പഠനശാഖയ്ക്ക് വഴിതെളിക്കുകയും ചെയ്തു. നരവംശ ശാസ്ത്രവും അധിനിവേശം അഭേദ്യമാവിധം

ബന്ധപ്പെട്ടു കിടക്കുന്നു. ഇന്ത്യയിലെയും കേരളത്തിലെയും തദ്ദേശീയരെയും പ്രത്യേകിച്ച് ഗോത്രങ്ങളെയും കുറിച്ചുള്ള പഠനം അധിനിവേശ അധീശത്വത്തിന്റെയും അധികാരവ്യാപനത്തിന്റെയും ഉപകരണങ്ങളായി തീരുന്നുണ്ട്. ഇവിടെയാണ് ഫോട്ടോഗ്രഫിക്ക് സവിശേമായ സ്ഥാനം കൈവരുന്നത്. അധിനിവേശ നരവംശധാരണകൾ യഥാർത്ഥവും വസ്തുതാപരവും സത്യവുമാകുന്നത് ഛായാചിത്രങ്ങളുടെ പിൻബലത്തോടെയാണ്. ഈ അധിനിവേശ ഛായാപടങ്ങൾ രണ്ട് രീതിയിലാണ് പ്രതിനിധാനം ചെയ്യപ്പെടുന്നത്. ഒന്ന്, വംശീയപഠനം (ethnography) എന്ന നിലയിൽ, രണ്ട് ഗോത്ര/തദ്ദേശ മനുഷ്യരുടെ മേലുള്ള കോളനി നോട്ടം (colonial gaze) എന്ന നിലയിൽ. വംശീയ പഠനങ്ങളുടെ ലക്ഷ്യം ഗോത്രവർഗങ്ങളെക്കുറിച്ചുള്ള കൊളോണിയൽ ധാരണകളും നിർവചനങ്ങളും വാദമുഖങ്ങളും സ്ഥാപിക്കുന്നതിനുള്ള ദൃശ്യത്തെളിവുകൾ ശേഖരിക്കലായിരുന്നു. ഇതിൽ അധിനിവേശ നോട്ടവും അതിനുള്ളിൽ അധീശത്വ മനോഭാവവും ഉൾപ്പെട്ടിരിക്കുന്നു. യൂറോപ്- ഇതര സമൂഹം എന്ന അടിസ്ഥാന വിഭജനത്തിനുള്ളിലാണ് ഈ നോട്ടത്തിന്റെ സ്ഥാനം. വെള്ളക്കാർ ഒഴികയുള്ള ജനതയെ അപരസ്ഥാനത്ത് നിർത്തുന്ന വർണ/വംശ മനോഭാവത്തിന്റെ പ്രതിഫലനം കൊളോണിയൽ നരവംശപഠനത്തിന്റെ അടിസ്ഥാനഭാവമായിരുന്നു. ഹൈറേഞ്ചിലെ ഗോത്രവർഗങ്ങളെക്കുറിച്ചുള്ള അധിനിവേശ തദ്ദേശീയ രചനകളുടെയും ഫോട്ടോഗ്രാഫുകളുടെയും പുനർവായന വംശീയപഠനങ്ങളുടെ പ്രത്യയശാസ്ത്രബോധത്തെയാണ് നിർദ്ധാരണം ചെയ്യുന്നത്. അധിനിവേശ ഫോട്ടോഗ്രാഫുകളുടെ പുനർകാഴ്ചയിലൂടെ അധിനിവേശ ചരിത്രത്തിലേക്കുള്ള അനവതി ദിശകൾ തുറന്നുകിട്ടുന്നുണ്ട്.

അധിനിവേശ ഛായാചിത്രങ്ങളെ പുനർവായിച്ചുകൊണ്ട് കൊളോണിയൽ നായാട്ടിന്റെ ചരിത്രത്തിലേക്കും അന്വേഷണം നീളുന്നു. 'വേട്ട'ആധിപത്യത്തക്കുറിക്കുന്നു. അത് ഒരേ സമയം പ്രകൃതിയുടെയും മനുഷ്യരുടെയും മേൽ ആധിപത്യം സ്ഥാപിക്കുന്നു. വേട്ട അധികാരത്തെയും ശക്തിയെയുമാമണ് പ്രതിനിധീകരിക്കുന്നത്. കാട് വേട്ടയാനാടാനുള്ള ഇടവും നാട് പാർക്കാനുള്ള ഇടവുമായി മാറുന്നതോടെ മനുഷ്യരും പ്രകൃതിയും എന്ന ഭിന്നാവസ്ഥകൾ രൂപപ്പെടുന്നു. കാടിനും നാടിനും നിയമങ്ങൾ വ്യത്യസ്തമാണ്. 'നാട്ടുകാരുടെ' ജീവിതത്തിനും വിനോദത്തിനുമായി രൂപകൽപ്പന ചെയ്ത 'ഇടം' എന്ന് കാടിന് അർത്ഥഭേദമുണ്ടാകുന്നു. കാട്ടിലുള്ളവർ, ജന്തു ജീവജാലങ്ങളും മനുഷ്യരും 'നാട്ടുവാസികളാൽ' നിർണയിക്കപ്പെടേണ്ടതും ഭരിക്കപ്പെടേണ്ടതുമാണെന്നുവരുന്നു. വേട്ട എന്ന പദത്തിൽ നിന്നും ശിക്കാർ എന്ന വ്യവഹാരത്തിലേക്കുള്ള മാറ്റം കൂടിയായിരുന്നു അത്. അതോടെ ഗോത്രങ്ങളുടെ ഇരതേടലും മീൻ പിടുത്തവും ശിക്കാർ നിയമം മൂലം നിരോധിക്കപ്പെട്ടു. കൊന്നുവീഴ്ത്തിയ വന്യമൃത്തിനുമേൽ കാൽ കയറ്റിവച്ച് തോക്ക് കുത്തിപ്പിടിച്ച് വിജയശ്രീലാളിതരായി നിൽക്കുന്ന വേട്ടക്കാരനും പിന്നിൽ ഒതുങ്ങിക്കൂടി നിൽക്കുന്ന വിധേയനായ ആദിവാസിയുടെ അർത്ഥ നഗ്നരൂപവും നായാട്ടിന്റെ ആഖ്യാനങ്ങളിൽ ആവർത്തിച്ച് കടന്നുവരുന്നുണ്ട്. പിൻവാങ്ങിനിൽക്കുന്ന ഗിരിവർഗ്ഗ മനുഷ്യരുടെ ഭയവുമായി താരതമ്യം ചെയുതകൊണ്ടുകൂടിയാണ് നായാട്ടുകാരന്റെ ധീരത ആഘോഷിക്കപ്പെട്ടത്. നായാട്ടിന്റെ ഛായാപടങ്ങളുടെ പുനർവായന അധിനിവേശ ഹിംസാത്മക ചരിത്രത്തെ പുറത്തുകൊണ്ടുവരുന്നു.

അഞ്ചുനാടിന്റെ ജാതി സമരം

കേരളത്തിന്റെ സാസ്കാരിക ചരിത്രത്തിൽ നിർണായകമായി ഉയർന്നുവരേണ്ട ഭൂമികയാണ് അഞ്ചുനാട്. അഞ്ചുനാട് ഗ്രാമക്കാരും മുതുവാൻമാരും മലപ്പുലയരും ഉൾപ്പെടുന്നതാമ് അഞ്ചുനാടിന്റെ ഗോത്രസംസ്കൃതി. ഇതിൽ അഞ്ചുനാട് ഗ്രാമക്കാർ എന്ന വിഭാഗത്തെ സർക്കാർ ഗോത്രവർഗമായി അംഗീകരിക്കുന്നില്ല. എൺപതുകളുടെ പകുതിവരെ പട്ടിക വർഗ്ഗക്കാരായിരുന്നു എന്ന് സർക്കാർ രേഖകളിൽ കാണുന്നു. പിന്നീട് അവർ ജാതിയില്ലാത്ത സമൂഹമായി മാറുന്നു. 1984ന് ശേഷം ഇവിടെ ആർക്കും ജാതി സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. ഗ്രാമക്കാർ പട്ടികവർഗമാണോ എന്ന സംശയം റവന്യു അധികൃതർ ഉന്നയിച്ചതുമുതലാണ് ഇവർ സർക്കാർ ഔദ്യോഗിക രേഖകളിൽനിന്ന് പുറത്താകുന്നത്. അതിനെത്തുടർന്ന് കഴിഞ്ഞ കാൽനൂറ്റാണ്ടായി തുടരുന്ന വ്യവഹാരങ്ങൾ നമ്മുടെ മുഖ്യാധാരാ

മനുഷ്യാവകാശ സംവാദങ്ങളിൽ ഇടം നേടുന്നില്ല. സാമൂഹ്യശാസ്ത്ര മാധ്യമ അന്വേഷണങ്ങൾ ഈ വിഷത്തിൽ സ്വീകരിച്ച നിലപാട് കുറേക്കൂടി സങ്കീർണമാണ്. ഇടുക്കി ആദിവാസികളെക്കുറിച്ചുള്ള അക്കാദമിക പഠനനങ്ങളിൽപോലും എൺപതുകൾക്ക് ശേഷം ഗ്രാമക്കാർ ഉൾപ്പെടുന്നില്ല. അധിനിവേശ- അന്തര സെൻസെസ് റിപ്പോർട്ടുകളിലും എൺപതുകളുടെ മധ്യം വരെയുള്ള സർക്കാർ സർട്ടിഫിക്കറ്റുകളിലും ഇവർ പട്ടികവർഗമാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. പിന്നീടുള്ള പഠനങ്ങളും അന്വേഷണങ്ങളും ഇവരുടെ കാര്യത്തിൽ മൗനം പാലിക്കുന്നു. ദേശീയതയുടെ വ്യവഹാരങ്ങൾ അപരത്വങ്ങളെ നിർമ്മിച്ചുകൊണ്ടാണ്, സ്വയം സാധൂകരിക്കുന്നത്. അതിന്റെ സ്മരണകളിൽ വലിയ മറവികളുണ്ട്. ഓരോ പാരമ്പര്യത്തിന്റെ പ്രതിഷ്ഠാപനത്തിലും മറ്റ് ചെറുപാരമ്പര്യങ്ങളുടെ പുറന്തള്ളലുകളുണ്ട്. സ്വാതന്ത്ര്യാനന്തര ഇന്ത്യൻ ചരിത്രമെഴുത്തിന് ചൂഴ്ന്നുനിന്ന രണ്ട് ബോധങ്ങളെപ്പറ്റി രാമചന്ദ്ര ഗുഹ പറയുന്നു. അധിനിവേശ, ബൂർഷ്വാ വരേണ്യവാദങ്ങൾ ചരിത്രത്തെ ഏതുവിധം രേഖപ്പെടുത്താൻ ശ്രമിച്ചുവെന്നാണ് അദ്ദേഹം അന്വേഷിക്കുന്നത്. കൊളോണിയൽ ഭരണാധികാരികളും ഇന്ത്യൻ സമൂഹത്തിലെ പ്രബല വിഭാഗമായ വരേണ്യരും തമ്മിലുള്ള പരസ്പരബന്ധങ്ങളിൽ ഇന്ത്യൻ രാഷ്ട്രീയത്തിന്റെ മുഴുവൻ ചരിത്രവുമുണ്ടെന്ന മിഥ്യാ വിശ്വാസം ചരിത്രമെഴുത്തിലേക്ക് വ്യാപിക്കുമ്പോൾ അത്തരം ചരിത്രങ്ങളിൽ നിന്ന് നിഷ്കാസിതരാവുന്നത് സാധാരണ ജനങ്ങളാണ്. ഹൈറേഞ്ചിന്റെ ചരിത്രധാരണകളിൽ ഈ നിഷ്കാസിത മനോഭാവം കലർന്നിരിക്കുന്നു. ചരിത്രത്തിലെ മറവികളെ വർത്തമാനപ്പെടുത്തുകയല്ല, പ്രബല ചരിത്രത്തിന് ഭാഷ്യങ്ങൾ നിർമ്മിക്കുക മാത്രമാണ് നടന്നത്. തെളിവുകൾ കൂടുതൽ ശക്തിയാർജ്ജിക്കുകയും മറവികൾ തിരിച്ചുകിട്ടാത്തിവിധം മാഞ്ഞു പോവുകയും ചെയ്യുന്നു എന്നതാണ് ഇതുയർത്തുന്ന സാംസ്കാരിക രാഷ്ട്രീയ പ്രതിസന്ധി. അധിനിവേശവും അധിനിവേശാനന്തര ദേശ-രാഷ്ട്രവും ഒരുമിച്ച് പങ്കിടുന്ന പ്രവർജനത്തിന്റെ പ്രത്യയശാസ്ത്രം എങ്ങനെയാണ് ഗോത്രമനുഷ്യരെ രാഷ്ട്രീയ ഭൂപടത്തിൽനിന്നും പുറത്താക്കുന്നതെന്ന അന്വേഷണമാണ് അഞ്ചുനാടിന്റെ ജാതിസമരത്തെക്കുറിച്ചുള്ള അന്വേഷണം മുന്നോട്ട് വെക്കുന്നത്.

ഉപസംഹാരം

ദേശീയതയുടെ വ്യവഹാരങ്ങൾക്കുപുറത്തുനിൽക്കുന്ന, ദേശരാഷ്ട്രങ്ങളാൽ തിരസ്കൃതരായവരുടെ വലിയൊരുസമൂഹത്തെ ആഖ്യാനങ്ങളിലേക്ക് കൊണ്ടുവരുന്നതിലൂടെയാണ് പ്രതിരോധസമരങ്ങൾ മുന്നോട്ടുപോകുന്നത്. ആദിവാസികൾ, കുടിയേറ്റക്കാർ എന്നിവർക്കു പൊതുവായുള്ളത് ദേശ-രാഷ്ട്രങ്ങൾക്ക് ഉൾക്കൊള്ളാനാവാത്ത ചിലസ്വത്വങ്ങളാണ്. ഇത്തരം ഭ്രഷ്ടസ്വത്വങ്ങൾ ഭരണകൂടങ്ങളുടെ അക്രമാസക്തമായ അധികാരപ്രഭാവത്തെ ചോദ്യം ചെയ്യുന്നുണ്ട്. ചരിത്രം, ദേശം, രാഷ്ട്രം തുടങ്ങിയ സങ്കൽപനങ്ങളെ പ്രശ്നഭരിതമാക്കുന്നുണ്ട് ഹൈറേഞ്ചിലെ ജീവിതങ്ങൾ.

ഒരു ദേശത്തിന്റെ, ജനതയുടെ, സഹനത്തിന്റെയും അതിജീവനത്തിന്റെയും ചരിത്രവും പുരാവൃത്തവും ഓർമ്മകളും തിരികെപിടിക്കുകയാണ് ഈ അന്വേഷണം. ഇതൊരു ചരിത്രദൗത്യമാണ്. ബൃഹത്തായ ദേശീയചരിത്രവ്യവഹാരത്തിനുള്ളിൽ അതിന് നേർവിപരീതമായ ഇടം പിടിച്ചെടുക്കൽ. ഒരു ദേശത്തുനിന്ന് മറ്റൊന്നിലേക്ക് അടർന്നും അടർത്തിയും ചേർന്നും ചേർത്തും തുടർന്നുപോകുന്ന സഞ്ചാരങ്ങളുടെ നീറ്റൽ. മലമുടികളിൽ, കുന്നിൻചെരിവുകളിൽ, കാടകങ്ങളിലെ കൃഷിയിടങ്ങളിൽ പലയാവർത്തി വേരുപറിഞ്ഞ ഗോത്രയാത്രകൾ. ആഴങ്ങളിലേക്ക് ഇനിയും വേരാഴ്ത്തി നിൽക്കാനാവാത്തതിന്റെ സംഘർഷമാണ് കാർഷികകുടിയേറ്റത്തിന്റെ സാംസ്കാരിക രാഷ്ട്രീയത്തെ നിർണ്ണയിക്കുന്നത്.